# മദ്യാലയമായി മാറുന്ന കേരളം

**മദ്യത്തിൽ** മുങ്ങിക്കൊണ്ടിരിക്കുന്ന കേരളത്തെക്കുറിച്ചുള്ള ഫീച്ചറുകൾ ഞെട്ടിക്കുന്നതാണ്. പത്തു വയസ്സുകാരൻ മുതൽ ഏത് പ്രായക്കാരനും മദ്യത്തിന് അടിപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന യാഥാർഥ്യം നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഉപഭോഗസംസ്കാരം വളർന്നുവന്നതിന്റെ വിനയാണിത്. മദ്യത്തിനും ലഹരി മരുന്നുകൾക്കുമെതിരിൽ ക്രിയാത്മകമായ ബോധവത്കരണം നടത്തി വിദ്യാർഥികളെയും യുവാക്കളെയും ലഹരി വിരുദ്ധരാക്കേണ്ടതുണ്ട്. ഇതിനായി സ്കൂൾതലം മുതൽ പ്രത്യേക ക്ലാസ്സുകൾ നടത്തണം. പാഠപുസ്തകങ്ങളിൽ ഇതിന്റെ വിപത്തുകൾ പ്രതിപാദിക്കണം. ഉത്സവങ്ങളും ആഘോഷങ്ങളും കൂട്ടുകെട്ടുകൾ വർധിപ്പിക്കുകയും മദ്യം മോന്താനുള്ള അവസരമായി മാറുകയും ചെയ്യുന്നു. പിതാവിന്റെ മദ്യപാനം മക്കളെയും സ്വാധീനിക്കുന്നു. നാട്ടിൽ നടമാടുന്ന എല്ലാ തിന്മകളുടെയും നാരായവേര് മദ്യമാണ്.

'എല്ലാ തിന്മകളുടെയും മാതാവ് മദ്യ'മാണെന്ന നബിവചനം ഇവിടെ പ്രസക്തമാണ്. ഇതറിയാവുന്ന മുസ്‌ലിം സമൂഹത്തിലും മദ്യപാനാസക്തി വളർന്നുവരികയാണെന്ന് കണക്കുകൾ കാണിക്കുന്നു. മദ്റസകളിലും പള്ളികളിലും കുടുംബസദസ്സുകളിലും പൊതുവേദികളിലും മദ്യ-ലഹരി വിപത്തിനെതിരിൽ ശക്തമായ പ്രചാരണം സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

കേരളത്തെ സംബന്ധിച്ചേടത്തോളം ഇവിടെ എത്തിപ്പെട്ടിട്ടുള്ള അന്യസംസ്ഥാന തൊഴിലാളികൾ മദ്യപാനത്തിലും ലഹരി മരുന്നുകൾ, പാൻ മസാലകൾ ഇവയുടെ ഉപയോഗത്തിലും മുൻപന്തിയിലാണ്. ഇത് കേരളത്തിന്റെ സാംസ്കാരിക അധഃപതനത്തിനു കൂടി കാരണമായിട്ടുണ്ട്. പാൻ മസാലകൾ വർധിച്ച തോതിൽ വ്യാപിക്കാൻ ഇക്കൂട്ടരുടെ വരവ് കാരണമായിട്ടുണ്ട്.

**അബ്ദുൽ മലിക് മുടിക്കൽ**




## വേണോ ഈ ക്ഷേമം!

**തെരഞ്ഞെടുപ്പ്** വന്നതോടെ എല്ലാ പാർട്ടിക്കാരും ന്യൂനപക്ഷ പ്രേമികളായി മാറിയിരിക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ന്യൂനപക്ഷ ക്ഷേമത്തിനായി വിവിധ പദ്ധതികൾ പ്രഖ്യാപിക്കുന്നു. എന്നാൽ അവയിലൊക്കെ ഒളിഞ്ഞുകിടക്കുന്ന ചതിക്കുഴികൾ തിരിച്ചറിയാൻ ന്യൂനപക്ഷങ്ങൾക്ക് സാധിക്കേണ്ടതുണ്ട്.

ഇപ്പോൾ മദ്റസാ അധ്യാപകർക്ക് ക്ഷേമനിധി പ്രഖ്യാപിച്ചിരിക്കുകയാണ്. എന്താണ് ഇതിന്റെ ഉദ്ദേശ്യം. മദ്റസാ പഠനം കുറ്റമറ്റതാക്കി സമുദായത്തെ രക്ഷിക്കാനോ, പാവപ്പെട്ട മദ്റസാ അധ്യാപകരുടെ ജീവിതനിലവാരം ഉയർത്താനോ? നടക്കേണ്ടത് ഇത് രണ്ടുമാണ്.

എന്നാൽ സർക്കാർ പ്രഖ്യാപിച്ച ഈ പദ്ധതി മതവിദ്യാഭ്യാസ മേഖലയിൽ പിടിമുറുക്കാനുള്ള ശ്രമത്തിന്റെ രണ്ടാം എപ്പിസോഡാണ്. സമയമാറ്റ പരിഷ്കാരങ്ങൾ പ്രതിഷേധത്തിൽ തട്ടിത്തകർന്നപ്പോൾ ഒരു വെടിക്ക് രണ്ടുപക്ഷി എന്ന രീതിയിൽ വളരെ ആസൂത്രിതമായാണിത് കൊണ്ടുവരുന്നത്. അതിന്റെ കൂടെ മദ്റസാ അധ്യാപകർക്കു വേണ്ടി സി.പി.എം ഒരു സംഘടനയുണ്ടാക്കുന്നു എന്ന വാർത്തകൂടി വായിച്ചാൽ സംഗതിയുടെ ഗുട്ടൻസ് പിടികിട്ടും. അങ്ങനെ സർക്കാർ വിലാസം മദ്റസകൾ, സർക്കാറിന്റെ സ്വന്തം മുല്ലമാർ. സോവിയറ്റ് റഷ്യയുടെ ചരിത്രം നമ്മുടെ മുന്നിലുണ്ടല്ലോ!

**പി.സി മുഹമ്മദ് കുട്ടി**
**തിരുത്തിയാട്**

## ജമാഅത്ത്‌വിമർശകരോട്

**ജമാഅത്തെ** ഇസ്‌ലാമിയുടെ രാഷ്ട്രീയ പാർട്ടി രൂപീകരണ പ്രഖ്യാപനം വിമർശകർക്ക് വീണുകിട്ടിയ ഒരു വടിയാണ്. ജമാഅത്തെ ഇസ്‌ലാമിയെ വിമർശിക്കുന്ന കാര്യത്തിൽ കേരളത്തിലെ ഒട്ടുമിക്ക മുസ്‌ലിം സംഘടനകളും ഒറ്റ സംഘടന പോലെയാണ്. വിമർശിച്ചു വിമർശിച്ച് നെടുകയും കുറുകെയും പിളർന്ന സംഘടനകളും അക്കൂട്ടത്തിലുണ്ട്. തങ്ങളുടെ പ്രസിദ്ധീകരണങ്ങളുടെ കടലാസും മഷിയും മുഖ്യമായും അവർ ഇതിനു വേണ്ടി ഉപയോഗിക്കുന്നു. തിരിച്ചും മറിച്ചും ജമാഅത്ത് വിരോധം ആളിക്കത്തിക്കാൻ ശ്രമിച്ചുകൊണ്ടാണവർ സായൂജ്യമടയുന്നത്.

ജമാഅത്ത് രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കാൻ പോകുന്നു എന്ന വാർത്ത തേടിയവള്ളി കാലിൽചുറ്റിയതുപോലെയായി. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് ഇവർക്ക് പിടികിട്ടിയില്ല. ആലോചിക്കാനോ അന്വേഷിക്കാനോ സമയവും ലഭിച്ചില്ല. വിഷയം ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയമാകുമ്പോൾ, അത് പിന്നെ ഹുകൂമത്തെ ഇലാഹി തന്നെയാകും! തിരിഞ്ഞും മറിഞ്ഞും നോക്കിയില്ല. വെച്ചു വീശാനും വീക്കാനും തുടങ്ങി. നാട്ടിലും വീട്ടിലും സ്റ്റേജുകളിലും പേജുകളിലും പള്ളിയങ്കണങ്ങളിലും മിമ്പറുകളിലുമായി പ്രചാരണം ഇപ്പോൾ ഇവർ ഏറ്റെടുത്തിരിക്കുന്നു. ജമാഅത്ത് ഉദ്ദേശിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ രൂപവും സ്വഭാവവും നോക്കാതെ നമ്മുടെ മുസ്‌ലിം സംഘടനകൾ ഉറഞ്ഞു തുള്ളിക്കൊണ്ടിരിക്കുന്നു. ഇതിനെല്ലാം മാന്യമായ രീതിയിൽ മറുപടി നൽകുന്ന ജമാഅത്തിൽനിന്നും പ്രകോപനപരമായ മറുപടി ലഭിക്കാത്തതിൽ ഇവർ നിരാശരാണ്.

ഇസ്‌ലാമിന്റെ ഭൂമികയിൽനിന്നുകൊണ്ട് എല്ലാ മേഖലകളിലും പ്രവർത്തിക്കുമ്പോൾ അതിൽ രാഷ്ട്രീയവും ഉൾപ്പെടുമെന്ന് ജമാഅത്ത് എന്നും പറഞ്ഞിട്ടുള്ളതാണ്. ഇതുവരെ രാഷ്ട്രീയ വിഷയങ്ങൾ പുറമെനിന്ന് കൈകാര്യം ചെയ്യുകയോ പറയുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഇന്ത്യൻ സാഹചര്യങ്ങൾക്കനുസൃതമായി മാനവികത ഉയർത്തിപ്പിടിക്കുന്ന ഒരു മൂല്യാധിഷ്ഠിത രാഷ്ട്രീയ പാർട്ടി ജമാഅത്ത് രൂപവത്കരിക്കുകയാണെങ്കിൽ മുസ്‌ലിം സംഘടനകൾ അമ്പരക്കേണ്ടതുണ്ടോ? ഈ പാർട്ടിയിൽ മാനവികതയിലും മൂല്യങ്ങളിലും വിശ്വസിക്കുന്ന ഏതൊരു ഇന്ത്യൻ പൗരനും അണിചേരാമെന്നും പറഞ്ഞുകേൾക്കുന്നു. ഇതുതന്നെയല്ലേ ഇസ്‌ലാമിന്റെ സഹിഷ്ണുതയും മതമൈത്രിയും. ഹുകൂമത്തെ ഇലാഹി എന്ന ഉമ്മാക്കി കാട്ടി ഇന്ത്യൻ ജനതയെയും ജനാധിപത്യത്തെയും തെറ്റിദ്ധരിപ്പിക്കാനാണോ മുസ്‌ലിം സംഘടനകളുടെ പുറപ്പാട്?

**നസീർ പള്ളിക്കൽ**

# ഇടറുന്ന ഇടതുപക്ഷവും ന്യൂനപക്ഷമെന്ന കീറാമുട്ടിയും

**വർഗീയത** ഇളക്കിവിട്ട് വോട്ട് നേടുകയും അതിന്റെ ബലത്തിൽ വീണ്ടും അധികാരം കൈപ്പിടിയിലൊതുക്കുകയും ചെയ്യാമെന്ന മോഹവുമായി എൻ.ഡി.എയും, ന്യൂനപക്ഷത്തിന്റെ വോട്ട് ഇത്തവണയും തങ്ങൾക്ക് ലഭിക്കുകയും അതുവഴി അധികാരം നിലനിർത്താമെന്ന് കോൺഗ്രസ് നേതൃത്വം നൽകുന്ന യു.പി.എയും കണക്കുകൂട്ടുന്നു. യഥാർഥത്തിൽ എന്തു സംഭവിക്കുമെന്നത് പ്രവചനാതീതമാണ്. ഈ സന്ദർഭത്തിൽ ഇടതുപക്ഷവും ന്യൂനപക്ഷ സമൂഹങ്ങളും ഇന്ത്യൻ രാഷ്ട്രീയത്തിൽ അവരുടെ ഇടം അടയാളപ്പെടുത്തേണ്ടതിന് പകരം വേറെ എന്തൊക്കെയോ താൽപര്യങ്ങൾക്ക് പിന്നാലെ പായുകയാണ്. ഇടതുപക്ഷം അവരുടേതായ അഴിമതിയുടെയും ഭരണ ദൗർബല്യങ്ങളുടെയും ആഭ്യന്തര ഛിദ്രതയുടെയും ചീഞ്ഞളിഞ്ഞ ദുരവസ്ഥയിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുമ്പോൾ അവരെ കുറിച്ച് കൂടുതൽ പറയുന്നത് പ്രയോജനകരമാവണമെന്നില്ല. മാർക്സിസ്റ്റ് പാർട്ടികളുടെ തകർച്ചക്ക് വരുന്ന ലോക്സഭാ ഇലക്ഷൻ സാക്ഷിയാകുമെന്ന് പോലും ഭയപ്പെടുന്നു. രാജ്യത്തെ പ്രബല ന്യൂനപക്ഷമായ മുസ്ലിംകൾ പല സംഘടനകളായി സമൂഹത്തിൽനിന്ന് അകലം പാലിച്ച് കഴിയുകയാണ്. മുസ്ലിം ന്യൂനപക്ഷത്തിന്റേതായി ഏതാനും രാഷ്ട്രീയ പാർട്ടികൾ രംഗപ്രവേശത്തിന് തയാറെടുത്തുനിൽക്കുന്ന സാഹചര്യവും ഇവിടെയുണ്ട്. ഒന്നിക്കേണ്ടതിന് പകരം ഭിന്നിക്കാനാണ് മുസ്ലിം സംഘടനകൾ ധൃതി കാണിക്കുന്നത്.

ഇന്ത്യൻ രാഷ്ട്രീയത്തിൽ നിർണായക സ്വാധീനമാകാൻ ഇടതുപക്ഷത്തിന് കഴിയാത്തതിനു കാരണം അവരിലെ ചേരിപ്പോരും ഗ്രൂപ്പു വഴക്കുമാണ്. സാമ്രാജ്യത്വ വിരുദ്ധ നിലപാട് കൈക്കൊള്ളുന്നതോടൊപ്പം അവർ ഭരിക്കുന്ന സംസ്ഥാനങ്ങളെല്ലാം മുതലാളിത്തത്തിന് വിടുവേല ചെയ്യുകയുമാണ്. ബംഗാളിലും കേരളത്തിലുമുള്ള സാധാരണക്കാരന് ഇടതുപക്ഷത്തിന്റെ പൊള്ളത്തരങ്ങൾ മനസ്സിലായിട്ടുണ്ട്. കാരണം ഇടതുപക്ഷം ഇനി യു.പി.എയെ പിന്തുണക്കുമോ എന്ന കാര്യം തീരുമാനിക്കാൻ കഴിഞ്ഞിട്ടില്ല. എൻ.ഡി.എക്കും യു.പി.എക്കുമപ്പുറം മറ്റൊരു ശക്തി ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉടനെ വളർന്നുവരാനുള്ള സാധ്യതയുമില്ല. അധികാരം ഉറപ്പിക്കുക എന്നതിനപ്പുറം രാഷ്ട്രീയ താൽപര്യമില്ലാതായതിന്റെ പരിണിത ഫലമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

ന്യൂനപക്ഷങ്ങൾ യഥാർഥത്തിൽ വലിയ പ്രതിസന്ധിയിലാണ്, വിശിഷ്യാ മുസ്ലിംകൾ. രാജ്യം ഭരിക്കുന്ന യു.പി.എ സർക്കാർ ഇപ്പോൾ എത്തിനിൽക്കുന്നത് സാമ്രാജ്യത്വ സേവയുടെയും ന്യൂനപക്ഷ വേട്ടയുടെയും ഭൂമികയിലാണ്. പീഡിതരോടൊപ്പം നിൽക്കേണ്ടതിനു പകരം വേട്ടക്കാരുടെ പക്ഷത്താണവർ. മുസ്ലിംകൾ പുതിയ ഇടം തേടുകയാണ്. പക്ഷേ, സമീപഭാവിയിൽ സംഭവിക്കില്ല എന്നുള്ളതുകൊണ്ട് വളരെ വിഷമത്തോടു കൂടിയാണെങ്കിലും യു.പി.എയെ പിന്തുണക്കേണ്ടിവരും. അല്ലെങ്കിൽ വരാൻ പോകുന്നത് എൻ.ഡി.എയാണ്. അവരുടെ അജണ്ട ന്യൂനപക്ഷങ്ങൾക്കെതിരുമാണ്. ചരിത്രത്തിന്റെ ഈ പ്രതിസന്ധിയിൽ മുസ്ലിംസമൂഹം അവരുടെ സംഘടനാ പക്ഷപാതങ്ങൾ മാറ്റിവെച്ച് ഐക്യത്തോടെ മുന്നോട്ട് പോവാൻ തയാറാവണം. ക്രിയാത്മകമായ രാഷ്ട്രീയ മുന്നേറ്റത്തിലൂടെ പുതിയ ഇന്ത്യയെ പണിതുയർത്താൻ കഴിവും യോഗ്യതയുമുള്ളവരെ സഹായിക്കാനും ന്യൂനപക്ഷങ്ങൾ തയാറാവണം.

**സൈഫ് വളാഞ്ചേരി**
saifvalanchery@gmail.com

# ഉപഭൂഖണ്ഡത്തെ കലാപ ഭൂമിയാക്കാനുള്ള സാമ്രാജ്യത്വ തന്ത്രം

**ഇന്ത്യ,** പാകിസ്താൻ, ബംഗ്ലാദേശ്, ശ്രീലങ്ക മേഖലകളെ കലാപഭൂമിയാക്കി അധീശത്വം സ്ഥാപിച്ചെടുക്കാനുള്ള അമേരിക്കൻ-ഇസ്രയേലീ സാമ്രാജ്യത്വ ലോബിയുടെ ഹീന അജണ്ടയുടെ ഭാഗമാണോ ഇപ്പോഴത്തെ ഇന്ത്യാ-പാക്-ബംഗ്ലാദേശ് -ശ്രീലങ്കാ ആഭ്യന്തര കലാപങ്ങൾക്ക് പിന്നിലുള്ളതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

അഫ്ഗാനിസ്താൻ-ഇറാഖ് അധിനിവേശത്തിനു ശേഷം ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ആധിപത്യത്തിനു ശ്രമിക്കുകയാണ് സാമ്രാജ്യത്വം. അമേരിക്കയുടെയും ഇസ്രയേലിന്റെയും സംരക്ഷണത്തിൽതന്നെ ജിഹാദീ സംഘടനകൾ പ്രവർത്തിക്കുന്നുവെന്ന വാർത്തകൾ പുറത്തുവരുമ്പോൾ, ഇസ്ലാമിന്റെ പേരിൽ കലാപം സൃഷ്ടിച്ച് മുതലെടുക്കാനുള്ള അമേരിക്കൻ-ഇസ്രയേൽ സയണിസ്റ്റ് ലോബികളുടെ ആഗോള അജണ്ടയാണ് വ്യക്തമാവുന്നത്. ഈ യാഥാർഥ്യം മുസ്ലിം ലോകം തിരിച്ചറിയേണ്ടതുണ്ട്.

**കെ.എം അബ്ദുൽ മലിക്, എറണാകുളം**

# പ്രവാസി പുനരധിവാസ നടപടികൾ

**‘മാന്ദ്യ** കാലത്തെ ബജറ്റുകൾ’ (ലക്കം 38) വായിച്ചു. സാമ്പത്തിക മാന്ദ്യം കാരണം വിദേശത്തുനിന്ന് തിരിച്ചുവരുന്നവർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല എന്നു പറഞ്ഞത് പൂർണമായും ശരിയല്ല.

പ്രവാസി കേരളീയർക്ക് ഒരു ക്ഷേമപദ്ധതി നടപ്പാക്കുന്നതിനുള്ള നിയമം കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ സംസ്ഥാന സർക്കാർ പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് കേരള ബജറ്റിൽ 10 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

മറ്റൊന്ന് ഗൾഫിൽനിന്ന് തിരിച്ചുവരുന്നവരെ പുനരധിവസിപ്പിക്കാനുള്ള നൂറു കോടി രൂപയുടെ കെ.എഫ്.സി പദ്ധതിയാണ്. എന്നാൽ ജോലി നഷ്ടപ്പെട്ടുവരുന്ന പതിനായിരങ്ങൾക്ക് പത്തു കോടി രൂപ ഒരു റിലീഫ് പാക്കേജ് മാത്രമേ ആവൂ. അതുപോലെ ഗൾഫിൽനിന്ന് തിരിച്ചുവരുന്നവരിൽ ഭൂരിഭാഗവും അവിദഗ്ധ തൊഴിലാളികളാണ്. ഇവർ ബിസിനസ് തുടങ്ങാൻ കെ.എഫ്.സിയെ സമീപിക്കില്ല. ഇവരെ പെട്ടെന്ന് ബിസിനസ് സംരംഭകരാക്കി മാറ്റുക സാധ്യവുമല്ല.

**കെ. അസ്കർ പൊറ്റശ്ശേരി**